പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*131 06-03-2020-ലെ മറുപടിയ്ക്ക്

## കൃഷി പുനരുജ്ജീവനത്തിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.റോജി എം. ജോൺ** | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| **(എ)** പ്രളയത്തിന്റെയും മണ്ണിടിച്ചിലിന്റെയും ഫലമായി സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ കൃഷിയുടെ പുനരുജ്ജീവനത്തിന് പദ്ധതി പ്രഖ്യാപിച്ചിരുന്നോ; | **(എ)** കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ 182.76 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആവർത്തിച്ചുണ്ടായ പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്.<br>വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം |

നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19 -ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ഇപ്രകാരം ആകെ 65.81 കോടി രൂപ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം പുനർജനി - പ്രളയനാന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം എന്ന പേരിൽ പുതിയ പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 224.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2018,2019 വർഷങ്ങളിൽ സംഭവിച്ച പ്രളയത്തിന്റെ ഫലമായുണ്ടായ കേട്ടുപാടുകൾ നികത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. തൊഴിലവസരം സൃഷ്ടിക്കുന്നതിനും വരുമാനദായകവുമായ പ്രവർത്തനങ്ങൾ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| **ബി)** | പുനർജനി എന്ന പേരിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിലൂടെ കാർഷിക വികസന മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ; | **(ബി)** | 'പുനർജനി' പദ്ധതിയിലൂടെ പ്രളയാനന്തരം മണ്ണും ചെളിയും അടിഞ്ഞുകൂടിയ പാടശേഖരങ്ങൾ വൃത്തിയാക്കി മണ്ണ് നീക്കം ചെയ്ത് കൃഷിയോഗ്യമാക്കി. തോടുകൾ വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. പ്രളയാനന്തരം മണ്ണിലുണ്ടായ മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് മണ്ണ് പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് |

അതനുസരിച്ച് മണ്ണിലുപയോഗിക്കേണ്ട കുമ്മായ വസ്തുക്കളുടേയും വളങ്ങളുടെയും വിവരം കർഷകർക്ക് നൽകി. പ്രളയാനന്തരം കീട-രോഗ ബാധകൾ പൊട്ടിപ്പുറപ്പെട്ട പാടശേഖരങ്ങളിലും മറ്റ് കൃഷിയിടങ്ങളിലും ശാസ്ത്രജ്ഞരുടെ സംഘം സന്ദർശനം നടത്തി പ്രതിവിധി നിർദ്ദേശിച്ചു. ഇപ്രകാരം കീട-രോഗ നിയന്ത്രണത്തിനാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും അവ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതിനുമുള്ള ചെലവ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെ നൽകി. കൃഷി ഭവൻ തലത്തിൽ എലിനശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കി. നെൽവിത്ത്, പച്ചക്കറി വിത്തുകൾ, കുരുമുളക് തൈ, വാഴക്കന്ന്, ദീർഘകാല സുഗന്ധ വ്യഞ്ജന വിളകൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്തു. അഗ്രോസർവ്വീസ് സെന്റർ കാർഷിക കർമ്മസേന അംഗങ്ങളും തൊഴിലുറപ്പ് അംഗങ്ങളും ചേർന്ന് പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ വീണ്ടും കൃഷിയോഗ്യമാക്കി. കേടുപാടുസംഭവിച്ച യന്ത്രോപകരണങ്ങളും, പമ്പ് സെറ്റുകളും റിപ്പയർ ചെയ്തു.

**(സി)** സ്ത്രീകൾക്ക് കൃഷിയിൽ അവസരം ഒരുക്കുന്നതിന് ജെൻഡർ സൗഹൃദ പദ്ധതി ആവിഷ്കരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**(സി)** സ്ത്രീകൾക്ക് വേണ്ടി ഭക്ഷ്യ വിള പ്രോത്സാഹനത്തിനുള്ള പദ്ധതികളിൽ അർഹരായ അപേക്ഷകരുള്ള പക്ഷം ഗുണഭോക്താക്കളുടെ എണ്ണത്തിൽ 33% വരെ നീക്കി വച്ചിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളായ പച്ചക്കറി വികസനം, ഹൈ-ടെക് അഗ്രിക്കൾച്ചർ തുടങ്ങിയ പദ്ധതികളിൽ സ്ത്രീകളുടെ പങ്കാളിത്തം കൂടുതലായുണ്ട്. വീട്ടു വളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവിലെ കൃഷി, മഴ മറ കൃഷി എന്നിവയിലും പോളിഹൗസ് കൃഷി, ചെറുകിട മൂല്യ വർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികളിൽ സ്ത്രീപങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. 2020-21 വർഷത്തിലെ 'ജെണ്ടർ ആൻഡ് ചൈൽഡ്' ബഡ്ജറ്റിൽ ഭക്ഷ്യ വിള ഉല്പാദനത്തിനുള്ള പദ്ധതികളിൽ നിന്നും 6302.34 ലക്ഷം രൂപയും, ജൈവകൃഷിയും

ഉത്തമ കൃഷി മുറകളും എന്ന പദ്ധതിക്ക് 16.2 ലക്ഷം രൂപയും. കാർഷിക സേവന കേന്ദ്രങ്ങളും സേവനം എത്തിക്കലും എന്ന പദ്ധതിയ്ക്ക് 82.05 ലക്ഷം രൂപയും. പഴ വർഗ്ഗങ്ങൾ, പൂക്കൾ. ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനത്തിന് 781.25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ